ളിൽ കർഷകത്തൊഴിലാളികളായവർ എത്രപേർ വീതം കയ്യേറി കൃഷി ചെയ്തിരുന്നുവെന്നു പറയുമോ;

(ബി) ഈ ഓരോ വർഷത്തിലും എത്രപേരുടെമേൽ വീതം ഫാറസ്റ്റ് അധികാരികം നടപടി എടുത്തിട്ടുണ്ട്;

(സി) ഈ ഓരോവർഷവും എത്ര ഏക്കർ വീതം പിഴ ഈടാക്കിയിട്ടുണ്ടെന്നു പറയുമോ; പിഴ ചുമത്തുന്നതു് എന്തു നിരക്കിലാണു്;

(ഡി) 1954-55 വർഷത്തിൽ നടപടിയെടുത്തിട്ടുള്ളവരിൽ അധഃകൃതസമുദായത്തിൽപെട്ടവരെത്ര; ഇവരിൽ ആരെയെങ്കിലും അറസ്റ്റുചെയ്തു കോടതിയിൽ ഹാജരാക്കിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു്; എത്രപേരെ;

(ഇ) ഇവിടെ വീടുവച്ചു് താമസിക്കുന്നവരുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(എഫ്) സ്വന്തമായി സ്ഥലമില്ലാത്ത കർഷകത്തൊഴിലാളികളായവർക്കു് അവരുടെ കൈവശഭൂമി പതിച്ചുകൊടുക്കുകയും ഈടാക്കിയ പിഴസംഖ്യ മടക്കിക്കൊടുക്കുകയും ചെയ്യുമോ?

ഉത്തരം.

(എ) പ്രസ്തുത സ്ഥലത്തു് വനംഡിപ്പാർട്ടുമെൻറുവക പുറംപോക്കുകം ഇല്ല.

(ബി., സി., ഡി., ഇ., എഫ്.) മേൽപ്പറഞ്ഞ ഉത്തരത്തിൻെറ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

UNSTARRED QUESTIONS POSTED FOR ANSWER ON 29-3-1955.

വിദ്യുച്ഛക്തി വിതരണം.

195. [2] ശ്രീ. കെ. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറിൻകര-പൂവ്വാർ റോഡിൽ വൈദ്യുതി ദീപ്തിക്കുവാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ;

(ബി) അതേ സംബന്ധിച്ചു് ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികം എന്തെല്ലാമെന്നു വെളിപ്പെടുത്തുമോ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ഈ പ്രദേശത്തേയ്ക്കുള്ള ലൈനിൻെറ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണു്.

ഉപരി പരിശീലനം.

196. [7] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1954—55-ൽ ഉപരിപഠനാർത്ഥം എത്ര ഡാക്ടറന്മാരെ വിദേശങ്ങളിൽ അയച്ചിട്ടുണ്ടു്; ആരെല്ലാമാണു് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതു്;

(ബി) എന്തെല്ലാം യോഗ്യതകളെ അടിസ്ഥാനപ്പെടുത്തിയാണു് ഉപരിപരിശീലനത്തിനായി തിരഞ്ഞെടുപ്പു നടത്തിയതു്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

(എ) ഈ വർഷത്തിൽ ഗവണ്മെൻറ് ആരെയും തിരഞ്ഞെടുത്ത് അയച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കൊച്ചിൻ ഇല "ട്രിക്ക്" കമ്പനി.

197. [9] ശ്രീ. ജെ. എ. ഭട്ട് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് മാന്യ വ്യവസായമന്ത്രി ദയവായി മറുപടി പറയുമോ :

(എ) മട്ടാഞ്ചേരിയിലെ കൊച്ചിൻ ഇലക്ട്രിക്ക് കമ്പനിക്കാരുടെ വിദ്യുച്ഛക്തി വിതരണം കാര്യക്ഷമമല്ലായെന്നു കാണിച്ച് അവിടത്തെ മുനിസിപ്പാലിറ്റിയിൽ നിന്നും ഗവണ്മെൻറിനു് ആക്ഷേപം കിട്ടിയിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ എന്തു നടപടി എടുത്തു ;

(സി) ഗവണ്മെൻറ് ഇലക്ട്രിസിറ്റിവകുപ്പിലെ ഒരു വിദഗ്ദ്ധ ഇഞ്ചിനീയരെ നിയമിച്ച് കൊച്ചിൻ ഇല "ട്രിക്ക്" കമ്പനിക്കാരുടെ Electric Installation പരിശോധിക്കാൻ ഉദ്ദേശിക്കുമോ ;

(ഡി) ഈ പ്രൈവറ്റ് കമ്പനി ദേശവത്കരിക്കുന്ന കാര്യത്തിൽ ഗവണ്മെൻറിന്റെ നില എന്താണു് ;

(ഇ) കാര്യക്ഷമതയെ പരിശോധിച്ചും മുനിസിപ്പാലിറ്റിയുടെ സാമ്പത്തികനില ഉയർത്തുവാനും മട്ടാഞ്ചേരിയിലെ വിദ്യുച്ഛക്തി വിതരണം അവിടത്തെ മുനിസിപ്പാലിറ്റിയെ ഏല്പിക്കുവാൻ ഗവണ്മെൻറ് ആലോചിക്കുമോ ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) പബ്ലിക് സൂപ്രണ്ടിംഗ് എൻജിനീയരുടെ പരിശോധനയിൽ അവിടത്തെ ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തിനുള്ള മുഖ്യമായ തകരാറ് Voltage drop ആണെന്നു കണ്ടുപിടിക്കുകയും അതനുസരിച്ച് Voltage കൂട്ടുന്നതിനു വേണ്ട നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ടു്.

(സി) അവിടത്തെ ഡിസ്ട്രിബ്യൂഷൻ സിസ്റ്റം മുഴുവനും ഒന്നുകൂടി പരിശോധിക്കുവാൻ പബ്ലിക് സൂപ്രണ്ടിംഗ് എൻജിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടു്.

(ഡി) ഈ കമ്പനിയെന്നല്ല, പൊതുവേ എല്ലാ പ്രൈവറ്റ് വിദ്യുച്ഛക്തി വിതരണ ഏജൻസികളും ദേശവത്കരിക്കണമെന്നതാണു് ഗവണ്മെൻറിന്റെ ഉദ്ദേശം.

(ഇ) മുനിസിപ്പാലിറ്റിയെ ഏൽപ്പിച്ചതുകൊണ്ടു മാത്രം വിദ്യുച്ഛക്തി വിതരണം കാര്യക്ഷമമാകുമെന്നു തോന്നുന്നില്ല. പോരെങ്കിൽ സംസ്ഥാനത്തെ വിദ്യുച്ഛക്തി വിതരണം മുഴുവൻ ക്രമേണ ദേശവത്കരിക്കുമെന്നാണു് ഗവണ്മെൻറുദ്ദേശിക്കുന്നതു്. അതുകൊണ്ടു് ഇക്കാര്യത്തെപ്പറ്റി ആലോചിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly